## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുടരുന്ന എം ബി എ, എം സി എ, ആർക്കിടെക്ചർ, ഹോട്ടൽ മാനേജ്മെൻറ് എന്നി കോഴ്സുകൾ സർവ്വകലാശാലയിൽ നിലനിർത്തുവാൻ തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

അക്കാദമിക് എ 7 വിഭാഗം

ഉത്തരവ് നമ്പർ:7477/2/2018/എസി.എ7 തിയതി : 22/10/2018

---

പരാമർശം :- 1. GO(Rt) No. 2286/2015/H.Edn dtd 03.09.2015

2. 2018 സെപ്റ്റംബർ 26-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 58/18.08/181777

### ഉത്തരവ്

പരാമർശം (1) കേരള സർക്കാർ ഉത്തരവ് പ്രകാരം എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള ആർക്കിടെക്ചർ കോളേജുകൾ, എ പി ജെ അബ്ദുൽ കലാം ടെക്നോളോജിക്കൽ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന കേരളത്തിലെ ഇതര സർവ്വകലാശാലകളിലെ ഹോട്ടൽ മാനേജ്മെൻറ്, എം.ബി.എ, എം.സി.എ കോഴ്സുകൾ എന്നിവ എ പി ജെ അബ്ദുൽ കലാം ടെക്നോളോജിക്കൽ സർവകലാശാലയിൽ 2016-17അദ്ധ്യായന വർഷം മുതൽ അഫിലിയേറ്റ് ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ അംഗീകാരമുള്ള ആർക്കിടെക്ചർ കോളേജുകൾ, ഈ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന എം.ബി.എ, എം.സി.എ, ഹോട്ടൽ മാനേജ്മെൻറ് മുതലായ കോഴ്സുകളുടെ അഫിലിയേഷൻ എ പി ജെ അബ്ദുൽ കലാം ടെക്നോളോജിക്കൽ സർവകലാശാലയിലേക്ക് മാറ്റണമെന്ന് നിർദ്ദേശങ്ങളൊന്നും സർക്കാരിൽനിന്ന് സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ കോഴ്സുകൾ സർവ്വകലാശാലയുടെ കീഴിൽ തന്നെ തുടർന്ന് വരികയാണ്.

ആർക്കിടെക്ചർ ആൻഡ് ഹോട്ടൽ മാനേജ്മെൻറ് കോഴ്സുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടന്നുവരുന്ന എം ബി എ, എം സി എ കോഴ്സുകൾ എന്നിവയുടെ അഫിലിയേഷൻ സംബന്ധിച്ച് ഗവൺമെൻറിൽ നിന്നും മറ്റ് തീരുമാനങ്ങൾ ഒന്നും തന്നെ വരാത്തതുകൊണ്ട് ഈ സർവകലാശാലയിൽ തന്നെ നിലനിർത്തുവാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചു.

മറുപുറം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി ബി
അസിസ്റ്റന്റ് രജിസ്ട്രാർ 1(അക്കാദമിക് )
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) വി. സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ/എഫ്.ഓ /സി.ഇ എന്നിവരുടെ പി.എ
3) ജെ.ആർ 2 (ഭരണവിഭാഗം) /ഡി.ആർ 1 / എ.ആർ 1 (അക്കാദമിക് )/ജെ.ആർ(പരീക്ഷ )
4) എസി.സി (സിൻഡിക്കേറ്റ് സെക്ഷൻ) /എ.ഡി.ബി 6 /ഓഡിറ്റ് സെക്ഷൻ/ എസി.എ 8
5) എസി.എ 1/എസ്.എഫ് സെക്ഷൻ
6) കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ/ ഐ.കയ്യു.എ.സി
7) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം:ACAVII/2/2015/3568